**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 186** | **07-07-2022 - ൽ മറുപടിയ്ക്ക്**

**സൗര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ എം മുകേഷ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഊർജ്ജ കേരള മിഷന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സൗര പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; പ്രസ്തുത പദ്ധതിയിൽ ഇതുവരെ കൈവരിക്കാനായ നേട്ടം അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ഊർജ്ജ കേരള മിഷന്റെ ഭാഗമായി 1000 മെഗാവാട്ട് സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയാണ് സൗര പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ സൗര നിലയങ്ങളിൽ നിന്നും ശേഷിക്കുന്ന 500 മെഗാവാട്ട് സോളാർ പാർക്ക്, ഫ്ലോട്ടിംഗ് സോളാർ എന്നിങ്ങനെയും കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇതുവരെ 61.86 മെഗാവാട്ട് ശേഷിയുടെ 12,867 നിലയങ്ങൾ പൂർത്തീകരിച്ചു. ഇതിൽ 41.19 മെഗാവാട്ടിന്റെ 9939 നിലയങ്ങൾ കമ്മീഷൻ ചെയ്തു. |
| (ബി) | പുരപ്പുറ സൗരോർജ്ജ നിലയങ്ങളിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്; എത്ര വീട്ടുകൾക്ക് മുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കാനായി എന്നതിന്റെയും ആകെ ഉല്പാദന ശേഷിയുടെയും കണക്ക് ലഭ്യമാണോ; മറ്റ് സൗരോർജ്ജ ഉല്പാദകർ വഴി എത്ര മെഗാവാട്ട് ശേഷി സ്ഥാപിതമായെന്ന് അറിയിക്കാമോ; | (ബി) | പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ വഴി 500 മെഗാവാട്ട് ശേഷിയുടെ വൈദ്യുത ഉത്പാദനമാണ് ലക്ഷ്യമിടുന്നത്. ഇതിൽ വീട്ടുകൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവയും ഉൾപ്പെടുന്നു. ഇതിൽ വീട്ടുകൾക്ക് മാത്രം പുരപ്പുറ സൗരനിലയങ്ങളിൽ നിന്നും 250 മെഗാവാട്ട് വൈദ്യുതിയാണ് സൗരപദ്ധതി വഴി ലക്ഷ്യമിടുന്നത്. സൗര സബ്സിഡി സ്കീമിൽ ഇതുവരെ 11030 വീട്ടുകൾക്ക് മുകളിൽ 40.46 മെഗാവാട്ട് ശേഷിയുടെ നിലയങ്ങൾ സ്ഥാപിച്ചു. ഇതിൽ 31.17 മെഗാവാട്ടിന്റെ 8550 നിലയങ്ങൾ കമ്മീഷൻ ചെയ്തു. മറ്റു സൗരോർജ്ജ ഉത്പാദകർ വഴിയും സൗര പദ്ധതിയിൽ കൂടിയും സംസ്ഥാനത്ത് ആകെ 264 മെഗാവാട്ട് ശേഷിയുടെ പുരപ്പുറ സൗരോർജ്ജ നിലയം സ്ഥാപിതമായിട്ടുണ്ട്.<br><br>ഈ പദ്ധതി പ്രകാരം 275 വീട്ടുകളിലായി ആകെ ഒരു മെഗാവാട്ട് ഉല്പാദന ശേഷിവരുന്ന സൗരോർജ്ജ പ്ലാന്റുകൾ അനെർട്ട് മുഖേന സ്ഥാപിക്കാനായി. |

| | | | |
|---|---|---|---|
| (സി) | ഫ്ലോട്ടിംഗ് സോളാർ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ? | (സി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ 8 റിസർവോയറുകളിലും കേരള വാട്ടർ അതോറിറ്റിയുടെ 2 റിസർവോയറുകളിലുമായി ആകെ 10 റിസർവോയറുകളിലാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിൽ ഏതെങ്കിലും 3 റിസർവോയറുകളിൽ നിന്ന് കുറഞ്ഞത് 100 മെഗാവാട്ട് വൈദ്യുതി ഉത്പാദന ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ നിലയങ്ങളാണ് ഡെവലപ്പർമാർ സ്ഥാപിക്കേണ്ടത്. ഇതിലേയ്ക്കുള്ള താരിഫ് അധിഷ്ഠിത ബിഡ് 22.06.2022 ൽ തുറന്നു. ഇതിന്റെ തുടർ നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ